മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ് പി. ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി!/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

65824/AD B2-2/2026/AD B 2 18.11.2026

ടെൻഡർ നോട്ടീസ്

മഹാത്മാഗാന്ധി സർവകലാശാല ഭരണവിഭാഗം, പരീക്ഷാവിഭാഗം എന്നിവിടങ്ങളിലേയ്ക്ക് സ്റ്റീൽ അലമാരകൾ (19 എണ്ണം) വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിച്ച് കൊള്ളുന്നു.

ഇന വിവരണം

ക്രമ നം.	ഇനം	ആവശ്യമുള്ള എണ്ണം
1.	Office Steel Almirah, Size 78" x 36" x 19", CRCA Steel, Body 20 Gauge, Door & Shelf 18 Gauge, Frame 16 Gauge, 4 Shelves, 2 Double-Wall Doors, 3-Way Lock with Inner Locker, Powder Coated Finish, With 5 Year Warranty	19

ക്വട്ടേഷൻ അടങ്ങുന്ന കവറിന് പുറത്ത് ടെൻഡർ നമ്പർ രേഖപ്പെടുത്തേണ്ടതും രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം -686560 എന്ന വിലാസത്തിൽ അയക്കേണ്ടതുമാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി, സമയം : 30.11.2026, 2 പി.എം വരെ ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം : 30.11.2026, 2:30 പി.എം

ടെൻഡർ വ്യവസ്ഥകൾ

1. ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന വില നികുതി, ട്രാൻസ്പോർട്ടേഷൻ ചാർജ്, കയറ്റിറക്ക് കൂലി എന്നിവ ഉൾപ്പെട്ടതായിരിക്കണം.
2. ടെൻഡറുകൾക്ക് 2 മാസത്തെ പ്രാബല്യം ഉണ്ടായിരിയ്ക്കും.
3. ടെൻഡറിനോടൊപ്പം മോഡലിന്റെ ചിത്രങ്ങൾ (അളവോടുകൂടിയത്) സമർപ്പിക്കണം..
4. ഫർണിച്ചർ സർവ്വകലാശാലയിൽ നിന്നും നിർദ്ദേശിക്കുന്ന സ്ഥലത്ത് വിതരണം ചെയ്യണം.
5. ഓരോ ഇനത്തിന്റെയും കുറഞ്ഞ വിലയുടെ അടിസ്ഥാനത്തിലാണ് വിതരണ ഉത്തരവ് നൽകുന്നത് അതിനാൽ ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ സാധനങ്ങൾ ഭാഗികമായി വിതരണം ചെയ്യുന്നതിന് സന്നദ്ധമായിരിക്കണം.
6. ടെൻഡർ സ്വീകരിക്കുന്നതോ തുറക്കുന്നതോ അവധി ദിവസമായാൽ അടുത്ത പ്രവൃത്തി ദിവസം ടെൻഡറുകൾ സ്വീകരിക്കുന്നതും നിർദിഷ്ട സമയത്തു തന്നെ തുറക്കുന്നതാണ്.
7. നിർദിഷ്ട സമയം കഴിഞ്ഞു ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
8. നിശ്ചിത സമയ പരിധിക്കുള്ളിൽ ആവശ്യമായ 3 ടെൻഡറുകൾ ലഭിച്ചില്ലായെങ്കിൽ ടെൻഡർ സ്വീകരിക്കുന്നതിനുള്ള സമയ പരിധി 5 പ്രവൃത്തി ദിവസങ്ങൾ കൂടി ദീർഘിപ്പിക്കുന്നതാണ്.
9. ദീർഘിപ്പിച്ച കാലയളവിൽ കൂടുതൽ ടെൻഡറുകൾ ലഭിച്ചാൽ ആദ്യ ടെൻഡർ ഉൾപ്പടെയുള്ളവ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
10. ദീർഘിപ്പിച്ച കാലയളവിൽ പുതിയ ടെൻഡറുകൾ ലഭിച്ചില്ലെങ്കിൽ 5 ദിവസത്തെ സമയ പരിധിയിൽ റീ-ടെൻഡർ ക്ഷണിക്കുന്നതായിരിക്കും.
11. ടെൻഡർ, കാരണം കാണിക്കാതെ തന്നെ സ്വീകരിക്കാനോ നിരാകരിക്കാനോ രജിസ്ട്രാർക്ക് അധികാരമുള്ളതാണ്.

അന്വേഷണം : 0481 - 2731020, 2733300
രജിസ്ട്രാർ : 0481 - 2731007
mgu@mgu.ac.in
registrar@mgu.ac.in
www.mgu.ac.in

Draft #1 of File 65824/AD B2-2/2026/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 18-Nov-2026 02:44 PM - Page 1

KRISHNAKUMAR R

ASSISTANT REGISTRAR III (ADMIN)

പകർപ്പുകൾ :-
1. സ്റ്റോർ കീപ്പർ, ജനറൽ സ്റ്റോർ
2. പി.ആർ.ഒ. സെക്ഷൻ (യൂണി. വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനുവേണ്ടി)
3. ജനറൽ തപാൽ വിഭാഗം (പൂരിപ്പിച്ച കവ്ട്ടേഷനുകൾ സ്വീകരിക്കുന്നതിന്)

Draft #1 of File 65824/AD B2-2/2026/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 18-Nov-2026 02:44 PM - Page 2

The document is digitally approved. Hence signature is not needed.